**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2169** **06-07-2022 - ൽ മറുപടിയ്ക്ക്**

**വിവിധ കൗൺസിലുകളുടെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യവകുപ്പിന് കീഴിൽ വരുന്ന വിവിധ കൗൺസിലുകളുടെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **ആരോഗ്യവകുപ്പിന് കീഴിൽ വരുന്ന വിവിധ കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചു വരുന്നു. അപേക്ഷകർക്ക് ഫീസടയ്ക്കുന്നതിനായി POS സംവിധാനവും, എൻക്വയറിയ്ക്കായി എൻക്വയറി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കാത്ത കൗൺസിലുകളിൽ ആയതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.** |
| (ബി) | കൗൺസിലുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൗൺസിലുകളിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കൗൺസിലുകളിൽ ഫോൺ മുഖേന ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കൗൺസിലുകളിൽ അതത് സെക്ഷനുകളിൽ ഫോൺ കണക്ട് ചെയ്യുന്നതിനായി എക്സ്റ്റൻഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള ഡെന്റൽ കൗൺസിൽ, കേരള സംസ്ഥാന ഫാർമസി കൗൺസിൽ എന്നിവിടങ്ങളിൽ ലാൻഡ് ലൈൻ കൂടാതെ മൊബൈൽ നമ്പർ കൂടി നൽകിയിട്ടുണ്ട്. |
| (ഡി) | കൗൺസിലുകളുടെ അംഗീകാരം നേടുന്നതിനായി ലഭിക്കുന്ന അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | **കൗൺസിലുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാറുണ്ട്.** |

സെക്ഷൻ ഓഫീസർ